ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത രാഷ്ട്രമാകാനുള്ള ഇന്ത്യയുടെ ആഗ്രഹത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഈ വർഷത്തെ കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi states that this year's Union Budget reflects India's aspiration to become a developed nation.**

2. ഇന്ത്യ വേദിയാകുന്ന ആഗോള നിർമിതബുദ്ധി ഉച്ചകോടി നാളെ ന്യൂഡൽഹിയിൽ ആരംഭിക്കും. ഇതോടനുബന്ധിച്ചുള്ള പ്രത്യേക പ്രദർശനം പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

   **The Global Artificial Intelligence (AI) Summit, hosted by India, will begin in New Delhi tomorrow. Prime Minister Narendra Modi will inaugurate the special exhibition held in conjunction with the event.**

3. കഴിഞ്ഞ ദശകത്തിൽ സർക്കാർ നടപ്പിലാക്കിയ വിവിധ സംരംഭങ്ങളിലൂടെ 27 കോടിയിലധികം പേർ ദാരിദ്ര്യത്തെ മറികടന്നുവെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says that over 27 crore people have overcome poverty through various initiatives implemented by the government over the past decade.**

4. ആറാമത് ഇന്ത്യ- ഫ്രാൻസ് വാർഷിക പ്രതിരോധ സംഭാഷണം മറ്റന്നാൾ ബംഗളുരുവിൽ നടക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പങ്കെടുക്കും.

**The sixth India-France Annual Defence Dialogue will be held the day after tomorrow in Bengaluru. Defence Minister Rajnath Singh will participate.**

5. കേരള മോഡലിൻറെ തുടർച്ചയായി നവകേരള നിർമ്മിതി സംസ്ഥാനത്തിൻറെ പുതിയ കുതിച്ചുചാട്ടത്തെ കുറിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan states that the construction of "Nava Keralam" (New Kerala), as a continuation of the Kerala Model, marks the state's new leap forward.**

6. പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് ബാറ്റിംഗ്.

**India bat against Pakistan in the Men's T-20 Cricket World Cup.**

**&&&&&&&&&&&&&&&&&&**

## PM INTERVIEW-PTI

വികസിത രാഷ്ട്രമാകാനുള്ള ഇന്ത്യയുടെ ആഗ്രഹത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഈ വർഷത്തെ കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒരു വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. വസ്ത്രനിർമ്മാണം, തുകൽ, രാസവസ്തുക്കൾ, കരകൗശല വസ്തുക്കൾ, രത്നങ്ങൾ എന്നീ രംഗങ്ങളിൽ രാജ്യത്തുനിന്നുള്ള എം.എസ്.എം.ഇ.കൾക്ക് വിപണി പ്രവേശനസാദ്ധ്യതകൾ വിപുലീകരിക്കുന്നതിനാണ് ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാറുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഗവേഷണം, വിതരണ ശൃംഖല, ഗുണമേന്മ എന്നിവയിൽ സ്വകാര്യ മേഖല ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## AI SUMMIT & EXPO-INTRO

ഇന്ത്യ വേദിയാകുന്ന ആഗോള നിർമിതബുദ്ധി ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. ഭാരത് മണ്ഡപത്തിലാണ് പരിപാടി. ഉച്ചകോടിയോട് അനുബന്ധിച്ചു സംഘടിപ്പിക്കുന്ന ഇന്ത്യ എ.ഐ ഇംപാക്ട് എക്സ്പോ നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളിലേക്ക്....
(ഹോൾഡ് വോയിസ്)

## AI SUMMIT & EXPO- VOICE

നിർമിതബുദ്ധിയുമായി ബന്ധപ്പെട്ട ഏഴ് പ്രമേയങ്ങൾ കേന്ദ്രീകരിച്ചാണ് India–AI Impact Summit ഉച്ചകോടി സംഘടിപ്പിക്കുന്നത്. ആരോഗ്യ സംരക്ഷണം, കൃഷി, ഭരണനിർവഹണം എന്നിവയിലുൾപ്പെടെ, നിർമിത ബുദ്ധിയുടെ വികസനത്തിൽ ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കും. 500-ലധികം സെഷനുകൾ ഉണ്ടാകും. വിവിധ മേഖലകളിൽ നിർമിതബുദ്ധിയുടെ സ്വാധീനം ഉയർത്തിക്കാട്ടുന്നതാകും, അഞ്ച് ദിവസത്തെ പ്രദർശനം. 300-ലധികം പ്രദർശന തത്സമയ പവലിയനുകൾ, 600-ലധികം സ്റ്റാർട്ടപ്പ് പ്രദർശനങ്ങൾ എന്നിവ എക്സ്പോയിൽ ഉണ്ടാകും. അന്താരാഷ്ട്ര പ്രതിനിധികൾ ഉൾപ്പെടെ രണ്ടര ലക്ഷത്തിലധികം സന്ദർശകർ പ്രദർശനം കാണാൻ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.
ന്യൂസ് ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&&&&&

## INDIA FRANCE DEFENCE

ആറാമത് ഇന്ത്യ- ഫ്രാൻസ് വാർഷിക പ്രതിരോധ സംഭാഷണം മറ്റന്നാൾ ബംഗളൂരുവിൽ നടക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ഫ്രാൻസ് പ്രതിരോധ മന്ത്രി കാതറിൻ വൗട്രിൻ എന്നിവർ പങ്കെടുക്കും. ഉഭയകക്ഷി പ്രതിരോധ സഹകരണം, യോഗം അവലോകനം ചെയ്യും. വ്യാവസായിക സഹകരണം വികസിപ്പിക്കുന്നതിലും ചർച്ച ശ്രദ്ധ കേന്ദ്രീകരിക്കും.

&&&&&&&&&&&&&&&&&&

**GOVT-AI NATIONWIDE CAMPAIGN**

ഉത്തരവാദിത്ത നിർമിതബുദ്ധി ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ദേശീയ പ്രചാരണത്തിന് നാളെ തുടക്കമാകും. കേന്ദ്ര ഐ ടി മന്ത്രാലയം, ഇൻറൽ ഇന്ത്യ എന്നിവയുടെ നേതൃത്വത്തിലാണ് പ്രചാരണം. വിശ്വസനീയവും മനുഷ്യകേന്ദ്രീകൃതവുമായ നിർമിത ബുദ്ധി ആവാസവ്യവസ്ഥ സൃഷ്ടിക്കുകയാണ് ഇന്ത്യ എ.ഐ. മിഷന്റെ കീഴിലുള്ള ക്യാംപെയ്ന്റെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

**JAISHANKAR- G4**

ജി-4 രാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരുമായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ കൂടിക്കാഴ്ച്ച നടത്തി. ഇന്ത്യ, ജർമ്മനി, ജപ്പാൻ, ബ്രസീൽ എന്നിവയാണ് ജി-4 കൂട്ടായ്മയിലെ രാജ്യങ്ങൾ. മ്യൂണിക്ക് സുരക്ഷാ സമ്മേളനത്തോടനുബന്ധിച്ചായിരുന്നു കൂടിക്കാഴ്ച്ച. പരിഷ്ക്കരിച്ച ബഹുരാഷ്ട്രവാദം ഉൾപ്പെടെയുള്ള ആശയങ്ങൾ ചർച്ചയായി.

&&&&&&&&&&&&&&&&&&

**DAY GUJ-AMIT SHAH-INTRO**

കഴിഞ്ഞ ദശകത്തിൽ സർക്കാർ നടപ്പിലാക്കിയ വിവിധ സംരംഭങ്ങളിലൂടെ 27 കോടി ആളുകൾ ദാരിദ്ര്യത്തെ മറികടന്നുവെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഗുജറാത്തിലെ ഗാന്ധിനഗറിൽ സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി അധിഷ്ഠിത പൊതുവിതരണ സംവിധാനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ സംവിധാനം അഴിമതി ഇല്ലാതാക്കുകയും, വിതരണ പ്രക്രിയയിൽ സുതാര്യത കൊണ്ടുവരുകയും ചെയ്യും. ഇന്ത്യ-യുഎസ് വ്യാപാര കരാറിലും, ഇന്ത്യ- ഇ യു സ്വതന്ത്ര വ്യാപാര കരാറിലും കർഷക താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

പുതിയ പൊതുവിതരണ സംവിധാനത്തിന് കീഴിൽ ഗുണഭോക്താക്കൾക്ക് സാധനസാമഗ്രികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ വാലറ്റ് ടോക്കണുകൾ നൽകും. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകൃത ഡിജിറ്റൽ കറൻസി ഉപയോഗിച്ച് പൊതുവിതരണ സംവിധാനത്തിൽ സബ്സിഡികൾ കൈമാറുന്ന ആദ്യ സംസ്ഥാനമായി ഇതോടെ ഗുജറാത്ത് മാറി.

&&&&&&&&&&&&&&&&&&

## MEA - BANGLADESH SWEARING IN

ബംഗ്ലാദേശിൽ പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർള പങ്കെടുക്കും. ഈ മാസം 17 ന് ധാക്കയിലാണ് ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി അധ്യക്ഷൻ താരിഖ് റഹ്മാന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരമേൽക്കുന്നത്.

&&&&&&&&&&&&&&&&&&

## VISION 2031

കേരള മോഡലിൻറെ തുടർച്ചയായി നവകേരള നിർമ്മിതി സംസ്ഥാനത്തിൻറെ പുതിയ കുതിച്ചുചാട്ടത്തെ കുറിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. 'വിഷൻ 2031 വികസനവും ജനാധിപത്യവും' അന്താരാഷ്ട്ര കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി ജി ആർ അനിൽ അധ്യക്ഷനായി. നൊബേൽ ജേതാവ് അമർത്യ സെൻ, ചരിത്രകാരി റൊമില ഥാപ്പർ എന്നിവർ ഓൺലൈനായി പങ്കെടുത്തു. ഈമാസം 17 വരെ നടക്കുന്ന സമ്മേളനത്തിൽ വിവിധ മേഖലകളിലെ ദേശീയ അന്തർദേശീയ വിദഗ്ധർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## CENTRE-ASSAM TUNNEL-INTRO

വെള്ളത്തിനടിയിലൂടെയുള്ള രാജ്യത്തെ ആദ്യത്തേതും ലോകത്തെ രണ്ടാമത്തേതുമായ ഭൂഗർഭപാതയുടെ നിർമാണത്തിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം. അസമിലെ ബ്രഹ്മപുത്ര നദിയ്ക്കടിയിലൂടെ 15.79 കിലോമീറ്റർ നീളത്തിലാണ് ഭൂഗർഭ പാത.

വിശദാംശ ങ്ങളിലേയ്ക്ക്...

(വോയിസ്)

## CENTRE-ASSAM TUNNEL-VOICE

അസമിൽ ബ്രഹ്മപുത്ര നദിക്കടിയിൽ നിർമ്മിക്കുന്ന രാജ്യത്തെ ആദ്യത്തെ ഇരട്ട റോഡ്-കം-റെയിൽ ഭൂഗർഭ പാതയുടെ നിർമ്മാണത്തിന് കേന്ദ്ര സാമ്പത്തിക കാര്യ സമിതി അംഗീകാരം നൽകി. പതിനെട്ടായിരത്തി,662 കോടി രൂപ ചെലവിൽ 33.7 കിലോമീറ്റർ നീളത്തിൽ നിർമിക്കുന്ന നാലുവരി പാതയിൽ 15.79 കിലോമീറ്റർ നീളമാണ് ഭൂഗർഭ പാതയ്ക്കുള്ളത്. അസമിലെ ഗോഹ്പൂരിനെയും നുമലിഗഢിനെയും ബന്ധിപ്പിക്കുന്നതാണ്

പാത. ഭൂഗർഭ പാത ഉൾപ്പെടെയുള്ള ഹൈവേ നിലവിൽ വരുന്നതോടെ ഇരു നഗരങ്ങൾക്കിടയിലുള്ള ദൂരം നിലവിലുള്ള 240 കിലോമീറ്ററിൽ നിന്നും വെറും 34 കിലോമീറ്ററായി കുറയും. കൂടാതെ യാത്രാ സമയം ആറ് മണിക്കൂറിൽ നിന്ന് വെറും 20 മിനിറ്റായി കുറയുകയും ചെയ്യും. അസമിനെ കൂടാതെ അരുണാചൽ പ്രദേശ്, നാഗാലാൻഡ്, മറ്റ് വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾക്കും പദ്ധതി നേട്ടമാകും. ഇതുവഴി ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത വർദ്ധിക്കുകയും ചരക്ക് നീക്ക ചെലവ് കുറയുകയും അതുവഴി മേഖലയിലെ സാമൂഹിക-സാമ്പത്തിക വളർച്ചയ്ക്ക് കാരണമാവുകയും ചെയ്യും.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

## T20 WORLD CUP

ഐ.സി.സി പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. ടോസ് നേടിയ പാകിസ്ഥാൻ ഫീൽഡിംഗ് തെരഞ്ഞെടുത്തു. കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ നേപ്പാളിനെതിരെ വെസ്റ്റ് ഇൻഡീസിന് 9 വിക്കറ്റ് ജയം. രണ്ടാം മത്സരത്തിൽ അമേരിക്ക, നമീബിയയെ 31 റണ്ണിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## WOMEN CRICKET

ഓസ്ട്രേലിയക്കെതിരെയുള്ള ടി-20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ വനിതാ ടീമിന് ജയം. മഴനിയമം അനുസരിച്ച് ചുരുക്കിയ മത്സരത്തിൽ ഇരുപത്തി ഒന്ന് റൺസിനാണ് ഇന്ത്യ വിജയിച്ചത്.

&&&&&&&&&&&&&&&&&&

## ISL

ഇൻഡ്യൻ സൂപ്പർലീഗ് ഫുട്ബോളിൽ മോഹൻ ബഗാൻ എഫ്സിയ്ക്കെതിരെ ജംഷഡ്പുരിന് ഒരു ഗോൾ വിജയം. രണ്ടാം മത്സരത്തിൽ ബംഗളൂരു സ്പോർട്ടിംഗ് ഡൽഹിയെ നേരിടും.

&&&&&&&&&&&&&&&&&&

## KERALA- HEAT ALERT

കേരളത്തിലെ വിവിധ ജില്ലകളിൽ അൾട്രാവയലറ്റ് വികിരണതോത് അപകടകരമായ രീതിയിൽ ഉയരുന്നു. കഴിഞ്ഞ 24 മണിക്കൂറിലെ കണക്കനുസരിച്ച് ഇടുക്കി ജില്ലയിലെ മൂന്നാർ, ആലപ്പുഴയിലെ ചെങ്ങന്നൂർ, പത്തനംതിട്ടയിലെ കോന്നി എന്നിവിടങ്ങളിൽ അൾട്രാവയലറ്റ് സൂചികയിൽ ഏറ്റവും ഉയർന്ന തോതായ എട്ട് രേഖപ്പെടുത്തി. ജാഗ്രതയുടെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഈ മേഖലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. കൊട്ടാരക്കര, ചങ്ങനാശ്ശേരി, ഒല്ലൂർ, തൃത്താല, മാനന്തവാടി എന്നിവിടങ്ങളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ ഈ മാസം 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം.

കൂടുതൽവിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

&&&&&&&&&&&&&&&&&&

## DUBAI- AYUSH

മൂന്നാമത് അന്താരാഷ്ട്ര ആയുഷ് സമ്മേളനത്തിനും പ്രദർശനത്തിനും ദുബായിൽ തുടക്കമായി. ഇന്ത്യയുടെ പരമ്പരാഗത വിജ്ഞാന സമ്പ്രദായങ്ങൾ ആഗോള ആരോഗ്യ ചർച്ചകളുടെ കേന്ദ്രബിന്ദുവായെന്ന് പരിപാടിയെ അഭിസംബോധന ചെയ്യവേ കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ് റാവു ജാദവ് പറഞ്ഞു. ഫെബ്രുവരി 17 വരെയാണ് സമ്മേളനം.

&&&&&&&&&&&&&&&&&&

## SHIVARATHRI

ഇന്ന് മഹാ ശിവരാത്രി. രാജ്യമൊട്ടാകെ വിവിധക്ഷേത്രങ്ങളിലും സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിലും ആഘോഷങ്ങൾ പുരോഗമിക്കുകയാണ്. കേരളത്തിൽ ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് കൊച്ചി മെട്രോ ഇന്നും നാളെയും പ്രത്യേക സർവീസ് നടത്തും.

&&&&&&&&&&&&&&&&&&

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ടതിന് ശേഷം പിശകുകൾ കണ്ടെത്തിയതിനെ തുടർന്ന് നോട്ടീസ് നൽകിയവർക്കുള്ള ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ

അറിയിച്ചു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&**

**&&&**